(ബി) ഇപ്രകാരം ജലമാർഗ്ഗം ഗതാഗതം ഉണ്ടാകുന്നതു് കാർഷികോൽപ്പന്നങ്ങൾ ശരിയായ രീതിയിൽ വിറ്റഴിക്കുന്നതിനു പ്രയോജനപ്പെടുമെന്നു് ഗവണ്മെൻറു് വിചാരിക്കുന്നുണ്ടോ;

(സി) തിരുവല്ലാ മാർക്കറ്റു് കനാൽ വികസിപ്പിക്കണമെന്നുള്ള പൊതുജനങ്ങളുടെ നിവേദനങ്ങൾക്കു് ഗവണ്മെൻറു് എന്തു നടപടി നടത്തിയിട്ടുണ്ടു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ചങ്ങനാശ്ശേരിയും ആലപ്പുഴയുമായുള്ള ഗതാഗതം നടത്തുന്നതിനുള്ള പദ്ധതി ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഈ ജോലിയുടെ ഒരു ഭാഗത്തിനുവേണ്ടി 58,000 രൂപയുടെ എസ്റ്റിമേറ്റു് അനുവദിക്കുകയും അതനുസരിച്ചുള്ള ജോലി മുക്കുവാറും ചെയ്തുതീർക്കുകയും ചെയ്തിട്ടുണ്ടു്. ഇനിയും മൂന്നുലക്ഷം രൂപയോളം ചെലവുവരുന്ന ജോലികൂടി ചെയ്യേണ്ടതുണ്ടു്. അതിൻറെ പ്രാരംഭനേഷണം പൂർത്തിയാക്കിയിട്ടുണ്ടു്. ഈ ജോലി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ശ്രീ. എം. പി. ചന്ദ്രശേഖരൻപിള്ള: ഈ 58,000 രൂപയുടെ എസ്റ്റിമേറ്റിൻപ്രകാരം ഇതുവരെ നടത്തിയിട്ടുള്ള വേലയെപ്പറ്റി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ആ പദ്ധതി ശരിയായി പ്രവർത്തിക്കുന്നില്ല എന്ന പരാതി ഉണ്ടായിട്ടുണ്ടു്. എന്നാൽ പ്രവൃത്തി പരിതപ്തപ്പെടുത്തുന്നതിനും ശരിയായി പ്രവർത്തിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്തുവരികയാണു്.

ശ്രീ. എം. എം. മത്തായി: 58,000 രൂപയുടെ പ്രവർത്തനംകൊണ്ടു പ്രയോജനം ഉണ്ടായില്ല എന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: മുഴുവൻ തുകയും ചെലവാക്കിയിട്ടില്ല. ബാക്കി തുക കൂടി ചെലവാകുമ്പോൾ ഉദ്ദേശിച്ച പ്രയോജനം ഉണ്ടാകുമെന്നാണു വിശ്വാസം.

മത്സ്യത്തൊഴിലാളികളുടെ ദുരിതം.

* 209. [21] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി തരുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ദുരിതം ഒഴിവാക്കുന്നതിനായി ശാശ്വതമായ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻറെ രൂപമെന്തു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) മത്സ്യത്തൊഴിലാളികൾക്കു് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനു് മത്സ്യത്തൊഴിലാളികളുടെ കോവാപ്പറേറ്റീവ് സൊസൈറ്റികൾക്കു് സെക്യൂരിറ്റി കൂടാതെ തുക കെട്ടിവയ്ക്കുവാനും യന്ത്രോപകരണങ്ങൾ വാങ്ങിക്കൊടുക്കുന്നതിനുമുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊച്ചി, സമുദ്രനിരക്കിൽ ഉപ്പ് വിതരണം ചെയ്യുന്നതിനും വള്ളങ്ങൾക്കുള്ള തടി വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

SHRI A A. D LUIZ: May I know whether Government have made any representation to the Central Government regarding the export quota of prawns from the Port of Cochin.

ശ്രീ എ. എ. റഹീം: പ്രോൺസ് കൂടുതൽ കൊച്ചിയിൽ കൊണ്ടുവരുന്നതിനുള്ള നടപടിക്രമം ഏർപ്പെടുത്തണമെന്നും സെൻട്രൽ ഗവണ്മെൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്.

SHRI A A D LUIZ: I do not mean that. There was reduction in the quota fixed for export as against Madras.

SHRI PANAMPILLI GOVINDA MENON: On that matter also representation has been made. What happened was a group of people interested in the matter had been to Delhi to meet the Minister concerned. I had occasion to meet them. Sympathetic consideration has been promised. I may also add that after discussion on this matter it has been proposed to include some provision in the Second Five Year Plan to popularise this article in the internal market of India also.

ശ്രീ സി. കെ. വിശ്വനാഥൻ: കായലിൽനിന്നും മത്സ്യം പിടിക്കുന്ന തൊഴിലാളികൾക്ക് എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ?

ശ്രീ എ. എ റഹീം: അതിനെപ്പറ്റിയാണ് ഇവിടെ പറഞ്ഞത്.

ശ്രീ സി കെ വിശ്വനാഥൻ: എത്രയെല്ലാം പ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്കാണ് ഇപ്പോൾ സഹായം ചെയ്യുവരുന്നത്?

ശ്രീ. എ. എ. റഹീം: ഇന്ന പ്രദേശത്തുള്ളവർക്ക് എന്നില്ല. തിരുതിരുവനന്തപുരം-കൊച്ചിയിലുള്ള എല്ലാവർക്കും സഹായം ചെയ്യുന്നുണ്ട്.

ശ്രീ. എം. വി. ചെറിയാൻ: നാർവീജിയൻ പ്രവർത്തനംമൂലം ഈ നാട്ടുകാർക്ക് എന്തെല്ലാം പ്രയോജനം ഉണ്ടായിട്ടുണ്ട്?

MR. SPEAKER: You may put another question and get the answer.

SHRI P. S. NATARAJA PILLAI: As regards the export of prawns, may I know whether Government were able to get any light on the matter how the quota for the East Coast was enhanced when there are no prawns in the East Coast.

SHRI PANAMPILLI GOVINDA MENON: I cannot give any additional information on the matter. There is none in my possession.

LIBRARY ARCHIVES Kerala Legislative Assembly